# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 399 | 11.06.2013 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി.യുടെ പരസ്യ ഇനത്തിലുള്ള വരുമാനം

ചോദ്യം | ഉത്തരം

ശ്രീ. സി. മോയിൻകുട്ടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിൽ പരസ്യം നൽകുന്നതിലൂടെ വരുമാനം ലഭിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം വഴികളിലൂടെയാണ് പ്രസ്തുത വരുമാനം ലഭിക്കുന്നത് ; വിശദമാക്കുമോ ; | (എ) | വരുമാനം ലഭിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി യുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിലും വസ്തുക്കളിലും ബസുകളിലും പരസ്യം നൽകുന്നതിന് കരാർ നൽകുന്നത് മുഖേന വരുമാനം ലഭിയ്ക്കുന്നു. |
| (ബി) | കഴിഞ്ഞ രണ്ട് കൊല്ലങ്ങളിൽ ഈ ഇനത്തിൽ ഏതൊക്കെ ഇടപാടുകളിലായി എത്ര തുക വീതം ലഭിച്ചു; | (ബി) | 01.04.2011 മുതൽ 31.03.2013 വരെയുള്ള കരാർ വർഷം ബസുകളിലെ പരസ്യത്തിനുള്ള ലൈസൻസ് ഫീയിനത്തിൽ 3,03,03,000/- രൂപയാണ് ലഭിച്ചത്. കഴിഞ്ഞ രണ്ട് കൊല്ലങ്ങളിൽ ബസ് സ്റ്റേഷനുകളിലെ പരസ്യത്തിന് കരാറുകാരനെ ലഭിയ്ക്കാത്തതിനാൽ ഈ ഇനത്തിൽ വരുമാനം ലഭിച്ചിട്ടില്ല. |
| (സി) | പരസ്യത്തിനുള്ള സ്പെയിസ് അലോട്ട്മെന്റിനുള്ള മാനദണ്ഡം വിശദമാക്കുമോ ; | (സി) | യാത്രക്കാരെയും സർവ്വീസ് ഓപ്പറേഷനെയും ബാധിയ്ക്കാത്ത രീതിയിലും ഡിപ്പോയുടെ ആകെയുള്ള ഭംഗിയേയോ എടുപ്പിനെയോ ബാധിയ്ക്കാത്ത രീതിയിൽ ബന്ധപ്പെട്ട യൂണിറ്റാഫീസറുടെ നിർദ്ദേശപ്രകാരമാണ് പരസ്യത്തിനായി സ്ഥലം അനുവദിയ്ക്കുന്നത്. യാത്രക്കാർക്കും ജീവനക്കാർക്കും സുരക്ഷിതത്വം ഉറപ്പു വരുത്തിയാണ് പരസ്യം അനുവദിയ്ക്കുക. മത്സരാടിസ്ഥാനത്തിലുള്ള |

| | | | |
|---|---|---|---|
| | | | ടെണ്ടറിന് ദിനപ്പത്രങ്ങളിൽ പരസ്യം നൽകി ലൈസൻസ് വ്യവസ്ഥയിലാണ് സ്ഥലം അനുവദിയ്ക്കുന്നത്. |
| (ഡി) | ഇത് ഇ-ടെണ്ടറിലൂടെയാണോ സെൻട്രലൈസ്ഡ് ടെണ്ടറിംഗ് സംവിധാനം മുഖേനയാണോ നടത്തുന്നത് ; | (ഡി) | സെൻട്രലൈസ്ഡ് ടെണ്ടറിംഗ് സംവിധാനം മുഖേനയാണ് ലേലം/ടെണ്ടർ നടപടി സ്വീകരിയ്ക്കുന്നത്. |
| (ഇ) | 2013 ജൂൺ മുതൽ സുതാര്യമായ ടെണ്ടറിംഗ് രീതി നടപ്പാക്കുമോ? | (ഇ) | നിലവിൽ സുതാര്യമായ ടെണ്ടറിംഗ് രീതിയാണുള്ളത്. ഇതിനായി ലേലം/ടെണ്ടർ പരസ്യം പ്രമുഖ മലയാളം ദിനപത്രത്തിലും അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് പത്രത്തിലും കാലേകൂട്ടി പരസ്യം നൽകിയാണ് ടെണ്ടറിംഗ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ